# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3025

### 18-10-2016 ലെ മറുപടിക്ക്

### കിഫ്ബിയിലേക്ക് ലഭിച്ച നിക്ഷേപങ്ങൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി പണം കണ്ടെത്താൻ സർക്കാർ രൂപം നൽകിയ കിഫ്ബിയിലേയ്ക്ക് ഇതിനോടകം ലഭിച്ച നിക്ഷപങ്ങൾ ഏതൊക്കെ;<br><br>(ബി) ലഭിച്ച തുകയും ഇവ ഏതൊക്കെ മേഖലയിൽ നിന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. 1999 ലെ കേരള അടിസ്ഥാന വികസന നിധി ആക്ട് പ്രകാരം നിലവിൽ വന്ന ധനകാര്യ സ്ഥാപനമായ കിഫ്ബിയെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കും വിധം ശാക്തീകരിക്കാനായി 19/8/2016 തീയതിയിലെ ഓർഡിനൻസ് നമ്പർ 6/16 ലൂടെ ഭേദഗതി വരുത്തി 19/8/2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 1464 ലൂടെ പുറപ്പെടുവിക്കുകയും ചെയ്തു. ഇതു വഴി സെബിയും, ആർ.ബി.ഐ യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബി സജ്ജമായിട്ടുണ്ട്. |

| | |
|---|---|
| | ധനസമാഹരണ പ്രക്രിയയുടെ ആദ്യ പടിയെന്ന നിലയിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച 2000 കോടിയിൽ അവശേഷിച്ച 873.85 കോടി കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കിഫ്ബി ഭേദഗതി ഓർഡിനൻസ് പ്രകാരം 10% മോട്ടോർ വാഹന നികുതി, പെട്രോളിന്മേലുള്ള സെസ് എന്നിവ കിഫ്ബിയുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, വാണിജ്യ /സഹകരണ ബാങ്കുകളിൽ നിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു. |
| **(സി)** ലഭിച്ച തുക ഏതൊക്കെ പദ്ധതികൾക്കായി ചിലവഴിക്കും; പ്രസ്തുത പദ്ധതികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്ത്; വിശദാംശങ്ങൾ നൽകുമോ;<br>**(ഡി)** പദ്ധതികളുടെ എസ്റ്റിമേറ്റ് തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി സമർപ്പണത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ പ്രഥമമായി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം, വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികളിൽ, 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും |

| | |
|---|---|
| | സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ ഈ പദ്ധതികളുടെ വിലയിരുത്തൽ നടപടികൾ നടന്നു വരുന്നു. ഇതിനു ശേഷം ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്. കിഫ്ബി ഭേദഗതി ഓർഡിനൻസ് ഖണ്ഡം 3 എ (2) പ്രകാരം ഒരു പൊതു ഏജൻസി നടപ്പിലാക്കുന്ന അർഹമായ പ്രോജക്ടുകൾ 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളത് ആയിരിക്കേണ്ടതാണ്. എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 10 കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ ട്രാഞ്ചസ് ആയി തരം തിരിക്കാവുന്നതും അവയിലോരോന്നും മൂല്യം സംബന്ധിച്ച് 2-ാം ഉപ വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥക്കനുസൃതമായിരിക്കേണ്ടതുമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**